**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4621** **10-08-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ വിവിധ വിഭാഗം ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്നും എം പാനൽ ഉൾപ്പെടെയുള്ള എത്ര ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ കെ.എസ്.ആർ.ടി.സി.യിൽ നിന്നും എംപാനൽ ഉൾപ്പെടെയുള്ള 10,489 ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ കെ.എസ്.ആർ.ടി.സി. യിൽ പി.എസ്.സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കഴിഞ്ഞ 5 വർഷ കാലയളവിൽ കെ.എസ്.ആർ.ടി.സി.യിൽ ഹയർ ഡിവിഷൻ ഓഫീസർമാരുൾപ്പെടെ 5064 പേർക്ക് പി.എസ്.സി. മുഖാന്തിരം നിയമനം നൽകിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ/കണ്ടക്ടർ മാർക്ക് ഒരു ദിവസം പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്യേണ്ട സാഹചര്യം നിലവിലുണ്ടോ വിശദാംശം നൽകുമോ; | (സി) | 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2(f),(i),(ii),(iii) 2(K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. |
| (ഡി) | ജീവനക്കാരെ വിശ്വാസത്തിലെടുത്ത് കൊണ്ടും തൊഴിൽ അവകാശങ്ങൾ ഉറപ്പുവരുത്തിയും കെ.എസ്.ആർ.ടി.സി. യുടെ പുനരുജ്ജീവനത്തിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് ജീവനക്കാരെ വിശ്വാസത്തിലെടുത്താണ് പുനരുജ്ജീവന നടപടികൾ നടപ്പിലാക്കുന്നത്. തുടർന്നും ഇത്തരം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ